REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് പ്രത്യേക കമ്മറ്റി രൂപീകരിക്കും.
- ഇന്ത്യൻ തീരരക്ഷാ സേനയുടെ അത്യാധുനിക സമുദ്രരക്ഷാ ഏകോപന കേന്ദ്രം ഇന്ന് ചെന്നൈയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് ഉദ്ഘാടനം ചെയ്യും.
- മുല്ലപ്പെരിയാർ അണക്കെട്ട് ഭീതിയായി തുടരുകയാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.
- സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, ഇടുക്കി, കോട്ടയം ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- ശബരിമലയിൽ പുതിയ ഭസ്മകുളത്തിന് തറക്കല്ലിട്ടു.

## വാർത്തകൾ വിശദമായി

ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് പ്രത്യേക കമ്മറ്റി രൂപീകരിക്കും. IMA ഉൾപ്പെടെ ആരോഗ്യരംഗത്തെ വിവിധ സംഘടനകൾ പ്രകടിപ്പിച്ച ആശങ്ക പരിഗണിച്ചാണ് നടപടി. വിഷയത്തിൽ കമ്മിറ്റിയ്ക്ക് ആവശ്യമായ

നിർദേശങ്ങൾ നൽകാൻ കേന്ദ്രം സംസ്ഥാനങ്ങളോടും ആവശ്യപ്പെട്ടു.

ആരോഗ്യ പ്രവർത്തകർക്കെതിരായ അതിക്രമങ്ങളിൽ ആറു മണിക്കൂറിനകം FIR രജിസ്റ്റർ ചെയ്യാൻ ഗവണ്മെന്റ് ആശുപത്രികൾക്ക് കേന്ദ്രം വെള്ളിയാഴ്ച നിർദേശം നൽകിയിരുന്നു. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവിക്കെതിരെ നടപടിയുണ്ടാകുമെന്നും കേന്ദ്രം വ്യക്തമാക്കി.

✪✪✪

കൊൽക്കത്തയിലെ R.G കർ മെഡിക്കൽ കോളേജിന്റെ പരിസരത്ത് ഭാരതീയ നാഗരിക് സുരക്ഷാ സംഹിത 2023 പ്രകാരം പൊലീസ് ഏഴ് ദിവസത്തെ നിരോധനാജ്ഞ പ്രഖ്യാപിച്ചു. അഞ്ചിലേറെ ആളുകൾ സംഘം ചേരരുതെന്ന് കർശന നിർദ്ദേശമുണ്ട്. വനിതാ ഡോക്ടറുടെ കൊലപാതകത്തെ തുടർന്ന് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനാണ് പൊലീസ് നടപടി.

✪✪✪

കൊൽക്കത്തയിൽ യുവഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ കുറ്റാരോപിതനായ സഞ്ജയ് റോയിയെ CBI മനശാസ്ത്ര പരിശോധനയ്ക്ക് വിധേയനാക്കും. ഡൽഹിയിലെ കേന്ദ്ര ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സംഘം ഇതിനായി കൊൽക്കത്തയിലെത്തി. റോയിയെ CBI നേരത്തെ കസ്റ്റഡിയിലെടുത്തിരുന്നു. അതേസമയം R.G. കർ മെഡിക്കൽ കോളജ് മുൻ

പ്രിൻസിപ്പാൾ ഡോ. സന്ദീപ് ഘോഷിനെ CBI ഇന്നലെയും ചോദ്യം ചെയ്തു. ചോദ്യം ചെയ്യൽ ഇന്നും തുടരുമെന്നാണ് റിപ്പോർട്ട്.

✪✪✪

കൊൽക്കത്തെ മെഡിക്കൽ കോളേജിൽ വനിതാ PG ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ AKPCTA സംസ്ഥാന കമ്മറ്റി പ്രതിഷേധവും ദുഃഖവും അറിയിച്ചു. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ വാഗ്ദാനം ചെയ്യുന്ന നിയമങ്ങൾ നിലനിൽക്കുമ്പോൾ തന്നെയാണ് ഇത്തരം ഹീനമായ സംഭവങ്ങൾ ഉണ്ടാകുന്നതെന്ന് സംഘടന തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. നാളെ കോളേജുകളിൽ പ്രതിഷേധ കൂട്ടായ്മകളും 23-ന് ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ ജ്വാലയും സംഘടിപ്പിക്കാൻ AKPCTA തീരുമാനിച്ചിട്ടുണ്ട്.

✪✪✪

ഡോക്ടർമാർക്കു നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ അപലപനീയമാണെന്ന് M.P അബ്ദുസമദാനി M.P പറഞ്ഞു. ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആന്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ കേരള സുവർണ ജൂബിലി ആഘോഷം 'ക്യൂപികോൺ 2024' പരിപാടിയിൽ കോഴിക്കോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈദ്യ ശാസ്ത്ര രംഗത്തെ കോർപ്പറേറ്റ് വത്ക്കരണത്തെ നിയന്ത്രിക്കണമെന്നും സമദാനി ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യൻ തീരരക്ഷാ സേനയുടെ അത്യാധുനിക സമുദ്രരക്ഷാ ഏകോപന കേന്ദ്രം ഇന്ന് ചെന്നൈയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് ഉദ്ഘാടനം ചെയ്യും. ചെന്നൈയിൽ കോസ്റ്റ് ഗാർഡിന്റെ സമുദ്ര മലിനീകരണ പ്രതികരണ കേന്ദ്രവും പുതുച്ചേരിയിലെ എയർ എൻക്ലേവും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. സമുദ്രപര്യവേഷണ രംഗത്തെ സുരക്ഷ ഉറപ്പാക്കാനും മലിനീകരണം നിയന്ത്രിക്കാനും പുതിയ സംരംഭങ്ങൾ സഹായകമാവും.

✪✪✪

വിദേശകാര്യമന്ത്രി ഡോ S. ജയ്ശങ്കർ ഇന്ന് കുവൈറ്റിൽ. വിദേശകാര്യമന്ത്രി അബ്ദുല്ല അലി അൽ-യഹ്യയുമായി കൂടിക്കാഴ്ച നടത്തും. രാഷ്ട്രീയം, വാണിജ്യം, നിക്ഷേപം, ഊർജം, സുരക്ഷ, സാംസ്കാരികം തുടങ്ങി നിരവധി മേഖലകളിലെ ഉഭയകക്ഷി ബന്ധം കൂടിക്കാഴ്ചയിൽ ചർച്ചയാകും.

✪✪✪

സിവിൽ സർവ്വീസ് പരീക്ഷാ ഫലം സംബന്ധിച്ച തെറ്റായ പരസ്യം നൽകിയ പരിശീലന കേന്ദ്രമായ ശ്രീറാംസ് IAS-നെതിരെ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി മൂന്ന് ലക്ഷം രൂപ പിഴ ചുമത്തി. 200-ലേറെ പേർക്ക് കോച്ചിംഗ് സെന്റർ വഴി സിവിൽ സർവീസ് ലഭിച്ചെന്ന പരസ്യത്തിലാണ് നടപടി. ഈ കേന്ദ്രത്തിൽ പഠിച്ച 171 പേർക്ക് സിവിൽ സർവ്വീസ് നേടാൻ കഴിഞ്ഞെങ്കിലും അവരിൽ പലരും സ്വന്തം പരിശീലനം

കൊണ്ട് പ്രിലിമിനറിയും മെയിൻസും ജയിച്ചവരാണെന്ന് അതോറിറ്റി കണ്ടെത്തിയിരുന്നു. ഇതിനെത്തുടർന്നാണ് ഉപഭോക്തൃ കാര്യ മന്ത്രാലയം പരിശീലന കേന്ദ്രത്തിനെതിരെ നടപടി ആവശ്യപ്പെട്ടത്.

✪✪✪

വയനാട് ഉരുൾപൊട്ടലിൽ മണ്ണിലും ചെളിയിലും പെട്ട നോട്ടുകൾ മാറിനൽകുന്നതിന് നാളെ മുതൽ 23 വരെ പ്രത്യേക ക്യാമ്പ് നടത്തും. സ്റ്റേറ്റ് ബാങ്കിന്റെ കോട്ടപ്പടി ശാഖയിലാണ് നോട്ടുകൾ മാറിക്കൊടുക്കുന്നത്. 'അതിവേഗം, അതിജീവനം' പരിപാടിയുടെ ഭാഗമായാണ് ക്യാമ്പ്.

നഷ്ടപ്പെട്ട വാഹനങ്ങളുടെ വിവരം ശേഖരിക്കാൻ മോട്ടോർവാഹന വകുപ്പ് നടപടി തുടങ്ങി. നഷ്ടപ്പെട്ട വാഹനങ്ങൾ, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ എന്നിവയുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. വാഹന നമ്പർ, ഉടമയുടെ വിവരങ്ങൾ തുടങ്ങിയവ അറിയുന്നവർ കല്പറ്റ RTO ഓഫീസുമായി ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കായി ഇന്നും തെരച്ചിൽ തുടരുകയാണ്. മുണ്ടക്കൈ, ചൂരൽമല ഭാഗങ്ങളിലും സൂചിപ്പാറ-ചാലിയാറിന്റെ തീരത്തും ഇന്ന് പരിശോധന ഉണ്ടായിരിക്കും. 119 പേരെയാണ് ഇനി കണ്ടെത്താനുള്ളത്.

✪✪✪

മുല്ലപ്പെരിയാർ അണക്കെട്ട് ഭീതിയായി തുടരുകയാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിപ്രായപ്പെട്ടു.

മുല്ലപ്പെരിയാർ പൊട്ടിയാൽ ആര് ഉത്തരം പറയും എന്ന ആശങ്കയും അദ്ദേഹം പങ്കുവെച്ചു. ഇനിയുമൊരു കണ്ണീർ കൂടി കാണാൻ കരുത്ത് ഇല്ലെന്നും അദ്ദേഹം പറഞ്ഞു. ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം VSSC യിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു സുരേഷ് ഗോപി.

മുല്ലപ്പെരിയാറടക്കം വിഷയങ്ങളിലെ ശാസ്ത്രീയ വശങ്ങൾ കണ്ടെത്തി കോടതിയെ ധരിപ്പിക്കാൻ ISRO പോലെ സ്ഥാപനങ്ങൾക്ക് കഴിയുമന്നും സുരേഷ് ഗോപി പറഞ്ഞു.

✪✪✪

ഗുണമേന്മാവിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും എന്നതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമെന്നും, ഖാദർ കമ്മിറ്റി റിപ്പോർട്ട് രണ്ടാം ഭാഗത്തിലെ സാധ്യമായ കാര്യങ്ങൾ നടപ്പിലാക്കുമെന്നും മന്ത്രി V ശിവൻകുട്ടി കോഴിക്കോട്ടു പറഞ്ഞു. വിദ്യാഭ്യാസമേഖലയിലെ ഗുണമേന്മ ഉറപ്പാക്കണമെങ്കിൽ മികച്ച അധ്യാപകർ വേണമെന്നും, അധ്യാപനമേഖല നിരന്തരം നവീകരിക്കപ്പെടണമെന്നും മന്ത്രി നിർദ്ദേശിച്ചു.

അധ്യാപക യോഗ്യതയിൽ വിട്ടുവീഴ്ച വരുത്തില്ലെന്നും, പ്രൈമറി തലത്തിൽ ബിരുദവും, സെക്കൻഡറിയിൽ ബിരുദാനന്തര ബിരുദവും അവശ്യയോഗ്യതയായി കണക്കാക്കുമെന്നും ശിവൻകുട്ടി വ്യക്തമാക്കി.

✪✪✪

ഒളിമ്പിക്സിൽ രണ്ട് മെഡൽ നേടി കായിക കേരളത്തിന്റെ അഭിമാനമായി മാറിയ P.R ശ്രീജേഷിനെ അടുത്ത ശനിയാഴ്ച തിരുവനന്തപുരത്ത് പ്രത്യേകമായി അനുമോദിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി അറിയിച്ചു. ജക്കാർത്ത ഏഷ്യൻഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച മുഹമ്മദ് അനസ്, കുഞ്ഞു മുഹമ്മദ്, P.U ചിത്ര, V.K വിസ്മയ, V. നീന എന്നിവർക്ക് ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസർ നിയമന ഉത്തരവ് കൈമാറുമെന്നും മന്ത്രി കോഴിക്കോട്ടു പറഞ്ഞു.

✪✪✪

അമ്പലപ്പുഴ കരുമാടി ജലോത്സവം ഇന്ന് കരുമാടിക്കുട്ടൻ മണ്ഡപത്തിന് സമീപം നടക്കും. കരുവാറ്റ ശ്രീവിനായകൻ, ജവഹർ തായങ്കരി, ആനാരി ചുണ്ടൻമാർ ജലമേളയിൽ മത്സരിക്കും. വെപ്പുവള്ളങ്ങളും ഫൈബർ ചുണ്ടൻ വള്ളങ്ങളും, കളിവള്ളങ്ങളും മത്സരംഗത്ത് ഉണ്ടാവും.

✪✪✪

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത മുൻനിർത്തി കോഴിക്കോട്, ഇടുക്കി, കോട്ടയം ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, തൃശൂർ ഒഴികെ മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇടുക്കി ഡാമിലെ ജലനിരപ്പ് ഉയർന്നു. മുൻ വർഷത്തേക്കാൾ 35.76 അടി വെള്ളത്തിന്റെ വർദ്ധനവാണ് ഇത്തവണ രേഖപ്പെടുത്തിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

............വോയ്സ്.............

✪✪✪

ശബരിമലയിൽ പുതിയ ഭസ്മകുളത്തിന്റെ തറക്കല്ലിടൽ ചടങ്ങ് അൽപം മുമ്പ് നടന്നു. തന്ത്രി കണ്ഠരര് രാജീവരുടെ മുഖ്യ കാർമികത്വത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് P.S പ്രശാന്താണ് തറക്കല്ലിട്ടത്.

ക്ഷേത്രത്തിന് മുൻഭാഗത്ത് ശബരി ഗസ്റ്റ് ഹൗസിന് സമീപമാണ് പുതിയ ഭസ്മക്കുളം നിർമ്മിക്കുന്നത്. ശബരിമലയിൽ ഭസ്മകുളം മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാന നിർണയം രാവിലെ പൂർത്തിയായിരുന്നു.

✪✪✪

നാളെ ലോക സംസ്കൃത ദിനം. ലോകത്തെ പൗരാണിക ഭാഷകളിൽ ഒന്നായ സംസ്കൃതത്തിന്റെ പ്രചാരണത്തിനും പ്രോത്സാഹനത്തിനും ശ്രാവണ പൗർണമി ദിനത്തിലാണ്

സംസ്കൃത ദിനം ആഘോഷിക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സംസ്കൃതം അധ്യാപകൻ സുരേഷ് ഗായത്രി സംവിധാനം ചെയ്ത കുട്ടികളുടെ സംസ്കൃത സിനിമ “മധുരസ്മിതം” ഓസ്ട്രേലിയൻ സ്കൂളുകളിലെ സംസ്കൃതം വിദ്യാർത്ഥികൾക്കായി പ്രദർശിപ്പിക്കും. ഒട്ടേറെ ദേശീയ - അന്തർ ദേശീയ പുരസ്കാരങ്ങൾ ഈ ചിത്രത്തിന് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ സംസ്കൃത അധ്യാപകരും വിദ്യാർത്ഥികളുമാണ് സിനിമയിലെ അഭിനേതാക്കളും അണിയറ പ്രവർത്തകരും.

✪✪✪

CPI ഇടതുമുന്നണിയുടെ ഭാഗമാണെങ്കിലും ഗവൺമെന്റിൽ നിന്ന് ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സമരം നടത്താമെന്ന് CPI നേതാവ് പന്ന്യൻ രവീന്ദ്രൻ ആലപ്പുഴയിൽ പറഞ്ഞു. സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് കൗൺസിൽ സംസ്ഥാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'സംഘടനയുടെ പ്രസിഡന്റായി സുകേശൻ ചൂലിക്കാട് നെയും സെക്രട്ടറിയായി N. ശ്രീകുമാറിനെയും തെരഞ്ഞെടുത്തു.

✪✪✪

റേഡിയോയിലൂടെ കേൾവിയുടെ കുലീന സംസ്കാരത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്ന ‘റേഡിയോ പള്ളിക്കൂടം പദ്ധതി’ക്ക് ഇന്ന് ആലപ്പുഴ ജില്ലയിലെ തഴക്കര ആത്മാനന്ദവിലാസം സംസ്കൃത സ്കൂളിൽ ഉച്ചകഴിഞ്ഞ് തുടക്കമാകും. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പദ്ധതിയിൽ റേഡിയോ സമ്മാനിയ്ക്കും. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് റേഡിയോ വിതരണം ഉദ്ഘാടനം ചെയ്യും.

ദേശീയ റേഡിയോ ദിനത്തോടനുബന്ധിച്ച് മറ്റന്നാൾ കോഴിക്കോട് ഗുജറാത്തി സ്ട്രീറ്റിലെ ഗുദാം ആർട്ട് കഫേയിൽ റേഡിയോ കലാപ്രവർത്തകരുടെ സംഗമം സംഘടിപ്പിക്കും. വിവിധ കാലഘട്ടങ്ങളിലെ റേഡിയോകളുടെ പ്രദർശനവും ഇതോടൊപ്പമുണ്ടായിരിക്കും.